/87007/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ശ്രീമതി.പ്രിയങ്ക.ജി.ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി സർവ്വീസസ് (ജനറൽ) - ഐ.സി.ഡി.എസ് പ്രോജക്ടുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവിടങ്ങളിലെ POL ചാർജ്ജസ്സ്, കരാർ വാഹനങ്ങളുടെ വാടക - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.സ.ഉ.(സാ.ധാ) നം. 382/2022/വ.ശി.വി.വ തീയതി.24/08/2022.

2.ഈ കാര്യാലയത്തിലെ 25.08.2022 തീയതിയിലെ DWCD/833/2022-ICDSA1 നം. ഉത്തരവ്.

3.ഈ കാര്യാലയത്തിലെ 29.08.2022 തീയതിയിലെ DWCD/3911/2022-D1 നം. ഉത്തരവ്.

4.ഈ കാര്യാലയത്തിലെ 03.11.2022 തീയതിയിലെ DWCD/5183/2022-ICDSA1 നം. ഉത്തരവ്.

5.ഈ കാര്യാലയത്തിലെ 15.03.2023 തീയതിയിലെ DWCD/5183/2022-ICDSA1 നം. ഉത്തരവ്.

6.തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ അപേക്ഷകൾ.

**ഉത്തരവ് നം.DWCD/5183/2022-ICDSA1 തീയതി: 18-03-2023**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് ജനറൽ പദ്ധതിPFMS, SNA മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി ലഭ്യമായ കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത തുകയിൽ നിന്നും സ്വന്തം വാഹനമുള്ള ICDS പ്രോജക്ടുകളിലേയും, പ്രോഗ്രാം ഓഫീസുകളിലേയും ഇന്ധനച്ചെലവും, കരാർ വാഹന വാടകയുമായി നടപ്പ സാമ്പത്തിക വർഷം 34,277,713/-രൂപ പരാമർശം (3), (4), (5) പ്രകാരം അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള POL ചാർജ്ജിനും, 2023 ജനുവരി മുതൽ 2023 ഫെബ്രുവരി വരെയുള്ള കരാർ വാഹന വാടകയുമായി ആകെ 9,03,066/-രൂപ (ഒൻപത് ലക്ഷത്തി മൂവായിരത്തി അറുപത്തിയാറ് രൂപ മാത്രം) അനുവദിച്ച് നൽകുന്നതിന്

പരാമർശം (6) പ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ ജില്ല വനിത ശിശുവികസന ഓഫീസർമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ സ്വന്തം വാഹനമുള്ള ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് 2023 ജനുവരി മുതൽ 2023 മാർച്ച് വരെയുള്ള POL ചാർജ്ജിനും, 2023 ജനുവരി മുതൽ 2023 ഫെബ്രുവരി വരെയുള്ള കരാർ വാഹന വാടകയ്ക്കുമായി 9,03,066/-രൂപ (ഒൻപത് ലക്ഷത്തി മൂവായിരത്തി അറുപത്തിയാറ് രൂപ മാത്രം) ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് അനുവദിക്കുന്ന തുക

| ക്രമ നം | ജില്ല | POL ചാർജ്ജിനത്തിൽ ആവശ്യമായ തുക | കരാർ വാഹന വാടക | ആകെ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 0 | 475426 | 475426 |
| 2. | പത്തനംതിട്ട | 47000 | 333401 | 380401 |
| 3. | കണ്ണൂർ | 0 | 47239 | 47239 |
| | **ആകെ** | **47,000** | **8,56,066** | **9,03,066** |

ICDS പ്രോജക്ടുകൾക്കാവശ്യമായ 9,03,066/-രൂപ (ഒൻപത് ലക്ഷത്തി മൂവായിരത്തി അറുപത്തിയാറ് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petros, oil &lubricant of vehicles എന്ന കംപോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികന ഓഫീസർമാർ അവരവരുടെ കീഴിലുള്ള ശിശുവികസന പദ്ധതി ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും, തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ നടപ്പ് സാമ്പത്തിക വർഷാവസാനം കരാർ വാഹന വാടകയ്ക്കും, POL ചാർജ്ജിനുമായി ആകെ

വിനിയോഗിച്ച തുകയുടെ യു.സി, ചെലവ് വിവര പട്ടിക എന്നിവ തരം തിരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

ജില്ലാ വനിത ശിശുവികസന ഓഫീസർ
തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ

പകർപ്പ് :

1.പ്രോഗ്രാം ഓഫീസർ
തിരുവനന്തപുരം, പത്തനംതിട്ട,കണ്ണൂർ ജില്ലകൾ
2.ശിശുവികസന പദ്ധതി ഓഫീസർ
തിരുവനന്തപുരം, പത്തനംതിട്ട,കണ്ണൂർ ജില്ലകൾ
3.സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
4.സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by Priyanka G
Date: 18-03-2023 14:17:03